# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.06.2025**

## പ്രധാനവാർത്തകൾ

1. **നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വിജയമുറപ്പിച്ച് യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത്; ഭൂരിപക്ഷം 11000 കടന്നു;**

2. **പ്രതീക്ഷിച്ച ഭൂരിപക്ഷമെന്ന് ആര്യാടൻ ഷൗക്കത്ത്; ജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുൻപോട്ട് പോകുമെന്ന് എം.സ്വരാജ്; പൊതുപ്രവർത്തനം തുടരാൻ പദവിയുടെ ആവശ്യമില്ലെന്ന് പി.വി അൻവർ.**

3. **മൂന്നു സംസ്ഥാനങ്ങളിൽ ഉപതിരഞ്ഞെടുപ്പ് നടന്ന 4 നിയമസഭാ മണ്ഡലങ്ങളിൽ ആം ആദ്മി പാർട്ടിയ്ക്കും ബി ജെ പിയ്ക്കും തൃണമൂൽ കോൺഗ്രസിനും മുന്നേറ്റം.**

4. **അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കൂട്ടയോട്ടം തിരുവനന്തപുരത്ത് മുഖ്യ മന്ത്രി പിണറായി വിജയൻ ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും.**

5. **സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

6. **ഇംഗ്ലണ്ടിനെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ലീഡ് ലക്ഷ്യമിട്ട് ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും.**

&&&&&&&&&&&&&&&&&&

RNU TVPM

## നിലമ്പൂർ

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ ലീഡുയർത്തി യുഡിഎഫ്. തുടക്കം മുതലുള്ള ലീഡ് നിലനിർത്തിയായിരുന്നു യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിന്റെ മുന്നേറ്റം. രണ്ടാം സ്ഥാനത്തുള്ള എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിന് ഒരു ഘട്ടത്തിൽ പോലും ലീഡ് പിടിക്കാനായില്ല. 14 ശതമാനത്തോളം വോട്ട് നേടി പി വി അൻവർ സാന്നിദ്ധ്യമറിയിച്ചു. വോട്ട് ചോർച്ച ഒഴിവാക്കി കഴിഞ്ഞ തവണത്തെ വോട്ട് നിലനിർത്താൻ ബി ജെ പിക്കും സാധിച്ചിട്ടുണ്ട്. ആദ്യം എണ്ണിയ വഴിക്കടവ് പഞ്ചായത്ത് മുതൽ ലീഡ് നിലനിർത്തിയ യുഡിഎഫ് സ്ഥാനാർഥി ക്രമേണ ലീഡ് ഉയർത്തി.

PNUTVPM

ഇതുവരെ എണ്ണിയ വോട്ടുകളിൽ യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് 76000ൽപരം വോട്ടുകളും

എൽ ഡി എഫ് സ്ഥാനാർത്ഥി എം സ്വരാജ് 65000ൽപരം വോട്ടുകളും. സ്വതന്ത്ര സ്ഥാനാർഥി പി വി അൻവർ 19000 വോട്ടുകളും എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജ് 8000 പരം വോട്ടുകളും നേടിയിട്ടുണ്ട്.

10 സ്ഥാനാർഥികളാണ് മത്സര രംഗത്തുണ്ടായിരുന്നത്.

&&&&&&&&&&&&&&&&&&

## നിലമ്പൂർ ലൈവ്

വോട്ടെണ്ണലിൻറെ ഏറ്റവും പുതിയ വിവരങ്ങളുമായി നിലമ്പൂര് നിന്നും ആകാശവാണി പ്രതിനിധി എം. സുരേഷ്ബാബു ചേരുന്നു.

സുരേഷ് .............

1) വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ യു ഡി എഫ് കേന്ദ്രങ്ങളിൽ വിജയഘോഷം തുടങ്ങിയോ? ഒടുവിൽ വിവരം കിട്ടുമ്പോൾ ഭൂരിപക്ഷം എങ്ങനെയാണ്?

2) പി വി അൻവറിന്റെ സ്വാധീനം ആരെയാണ് സഹായിച്ചത്?

നന്ദി സുരേഷ്....

&&&&&&&&&&&&&&&&&&

RNU TVPM

## പ്രതികരണങ്ങൾ

പ്രതീക്ഷിച്ച ഭൂരിപക്ഷത്തിൽ തന്നെ നിലമ്പൂരിൽ വിജയത്തിലേക്കെത്തുകയാണെന്ന് യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത്. ൽ.ഡി.എഫ് സർക്കാരിനെതിരെയുള്ള ജനരോഷം നിലമ്പൂരിലെ ജനങ്ങൾ ഏറ്റെടുത്തതായും അദ്ദേഹം പറഞ്ഞു. ജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി കൂടുതൽ കരുത്തോടെ മുൻപോട്ട് പോകുമെന്ന് എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ് പ്രതികരിച്ചു. വികസന വിഷയങ്ങൾ ജനങ്ങളുമായി ചർച്ച ചെയ്യാനാണ് എൽ.ഡി.എഫ് ശ്രമിച്ചതെന്നും ഭരണത്തിന്റെ വിലയിരുത്തലാണ് ഉപതിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന് കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. തനിക്ക് പൊതുപ്രവർത്തനം തുടരാൻ എംഎൽഎ സ്ഥാനമോ മന്ത്രി

പദവിയോ ആവശ്യമില്ലെന്ന് പി.വി അൻവർ പ്രതികരിച്ചു. കേരളത്തിൽ മാറിചിന്തിക്കുന്ന പുതിയ തലമുറയെ കാണാതെ പോകരുതെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാരിൻറെ ഭരണത്തിനെതിരെയുള്ള വികാരമാണ് നിലമ്പൂരിൽ പ്രതിഫലിക്കുന്നത് എന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. അൻവർ യുഡിഎഫ് വോട്ട് ചോർത്തിയോ എന്ന് പരിശോധിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു..

&&&&&&&&&&&&&&&&&&

**ഉപതിരഞ്ഞെടുപ്പ് - ഗുജറാത്ത്**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെണ്ണലും പുരോഗമിക്കുകയാണ്. ഗുജറാത്തിലെ വിസാവദർ നിയമസഭാ മണ്ഡലത്തിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി ഗോപാൽ ഇറ്റാലിയ 14,000 ലധികം വോട്ടുകൾക്ക് മുന്നിലാണ്. മണ്ഡലത്തിൽ ബിജെപിയും ആം ആദ്മി പാർട്ടിയും തമ്മിലാണ് പോരാട്ടം. കാഡി നിയമസഭാ മണ്ഡലത്തിൽ ബിജെപി യുടെ രാജേന്ദ്രകുമാർ 34000 ലധികം വോട്ടുകൾക്ക് മുന്നിലാണ്.

PNU TVPM

&&&&&&&&&&&&&&&&&&

**ഉപതിരഞ്ഞെടുപ്പ് - പഞ്ചാബ്**

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന പഞ്ചാബിലെ ലുധിയ വെസ്റ്റ് മണ്ഡലത്തിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി സഞ്ജീവ് അറോറ 3,000 ലധികം വോട്ടുകൾക്ക് മുന്നിലാണ്. കോൺഗ്രസ് സ്ഥാനാർത്ഥിയാണ് രണ്ടാമത്. ഖൽസ വനിതാ കോളേജിലാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

**ഉപതിരഞ്ഞെടുപ്പ് - പശ്ചിമ ബംഗാൾ**

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന പശ്ചിമ ബംഗാളിലെ കാളിഗഞ്ചിൽ തൃണമുൽ കോൺഗ്രസ് സ്ഥാനാർത്ഥി 85000 ലധികം വോട്ടുകൾക്ക് മുന്നിലാണ്. ഇവിടെ കോൺഗ്രസ് രണ്ടാമതും ബി ജെ പി മൂന്നാമതുമാണ്.

&&&&&&&&&&&&&&&&&&

**വി.എസ് അച്യുതാനന്ദൻ**

RNUTVPM

മുൻ മുഖ്യമന്ത്രി വി. എസ് അച്യുതാനന്ദനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഹൃദയാഘാതം ഉണ്ടായതായാണ് സൂചന.

&&&&&&&&&&&&&&&&&&

**ഒളിമ്പിക് ദിനം സംസ്ഥാനം**

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക് ദിനം. ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് സംസ്ഥാനത്തുടനീളം കൂട്ടയോട്ടം

സംഘടിപ്പിക്കുന്നു. "കായികക്ഷമത വളർത്താം, ലഹരിയെ ഒഴിവാക്കാം' എന്ന ലഹരിവിരുദ്ധ സന്ദേശം ഉയർത്തി കേരള ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം മാനവീയം വീഥിയിൽനിന്ന് വൈകുന്നേരം 4 മണിക്ക് ആരംഭിക്കുന്ന കൂട്ടയോട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്യും. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി ടി ഉഷ, മന്ത്രിമാരായ വി ശിവൻകുട്ടി, എം ബി രാജേഷ്, കായിക താരങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**പാലക്കാട് -ഇൻട്രോ**

അന്താരാഷ്ട്ര ഒളിമ്പിക് ദിനാഘോഷത്തിന്റെ ഭാഗമായി പാലക്കാട് ജില്ലാ ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ നഗരത്തിൽ ദീപശിഖാ റാലി സംഘടിപ്പിച്ചു.

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**മിൽമ - മന്ത്രി പി രാജീവ്**

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് മിൽമയ്ക്കു വേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്ത ഐസ്ക്രീം കാർട്ടുകളുടെ താക്കോൽ കൈമാറ്റം മന്ത്രി പി. രാജീവ് മറ്റന്നാൾ

RNU TVPM

നിർവഹിക്കും. മന്ത്രി ജെ. ചിഞ്ചുറാണി ഐസ്ക്രീം കാർട്ടുകളുടെ താക്കോൽ സ്വീകരിച്ച് ഫ്ലാഗ് ഓഫ് ചെയ്യും. പുതുതായി വികസിപ്പിച്ചെടുത്ത മൂന്ന് ഇലക്ട്രിക് വാഹനങ്ങളുടെ വിപണി ലോഞ്ചും ഇതോടൊപ്പം നടക്കും.

&&&&&&&&&&&&&&&&&&

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ളതാണ് മുന്നറിയിപ്പുണ്ട്. നാളെ മുതൽ മറ്റന്നാൾ രാത്രി വരെ, കാസറഗോഡ് ജില്ലയിൽ കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പുലർത്തണം.

RIJU TVPM

&&&&&&&&&&&&&&&&&&

**ആലപ്പുഴ -ഇൻട്രോ**

കുട്ടനാട്ടിൽ ജലനിരപ്പ് താഴുന്നത് വളരെ സാവധാനത്തിലാണ്. നീരോഴുക്ക് പലയിടങ്ങളിലും തടസ്സപ്പെട്ട് കിടക്കുകയാണ്. ഇന്ന് സ്കൂളുകൾക്ക് പ്രവർത്തി ദിനമാണ് '.

***വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ...............***

*(വോയിസ്)*

&&&&&&&&&&&&&&&&&&&

**കൊട്ടിയൂർ വൈശാഖോത്സവം**

കൊട്ടിയൂർ വൈശാഖോത്സവത്തിലെ സവിശേഷ ചടങ്ങായ ആലിംഗന പുഷ്പാഞ്ജലി നാളെ. നാല് ആരാധനകളിൽ അവസാനത്തേതായ രോഹിണി ആരാധനയും നാളെയാണ്. ഈ മാസം 30 വരെയാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

&&&&&&&&&&&&&&&&&&&

**കണ്ണൂർ ഇൻഡ്രോ**

PNU TVPM

ജൈവവൈവിധ്യങ്ങ ളുടെ കലവറയായ ആറളം വന്യജീവി സങ്കേതത്തെ സംസ്ഥാനത്തെ ആദ്യത്തെ ചിത്രശലഭ - വന്യജീവി സങ്കേതമാക്കി പുനർ നാമകരണം ചെയ്തു. വന്യജീവി ബോർഡാണ് കഴിഞ്ഞ ദിവസം ആറളത്തെ ശലഭസങ്കേതമായി പ്രഖ്യാപിച്ചത്.

***വിശദാംശങ്ങളുമായി ആകാശവാണി***

***കണ്ണൂർ ജില്ലാ പ്രതിനിധികെ.ഒ. ശശിധരൻ***

***(വോയിസ്)***

&&&&&&&&&&&&&&&&&&&

**ക്രിക്കറ്റ്**

ഇംഗ്ലണ്ടിനെതിരായ ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും. ആറ് റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ് നേടിയ ഇന്ത്യ മൂന്നാം ദിനം കളി നിർത്തുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 90 റൺസെടുത്തിട്ടുണ്ട്. 47 റൺസുമായി കെ എൽ രാഹുലും 6 റൺസുമായി ശുഭ്മാൻ ഗില്ലുമാണ് ക്രീസിൽ. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 471നെതിരെ ഇംഗ്ലണ്ട് 465ന് എല്ലാവരും പുറത്താവുകയായിരുന്നു.

&&&&&&&&&&&&&&&&&&

**ജൂനിയർ ഫുട്ബോൾ**

സംസ്ഥാന ജൂനിയർ പെൺകുട്ടികളുടെ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് കണ്ണൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ മറ്റന്നാൾ ആരംഭിക്കും. അടുത്ത മാസം ഒന്നിനാണ് ഫൈനൽ മത്സരം.

RNUTVPM

&&&&&&&&&&&&&&&&&&

**ട്രെയിനിൽ നിന്ന് വീണ് മരിച്ചു**

കാസർഗോഡ് കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനടുത്ത് ട്രെയിനിൽ നിന്ന് തെറിച്ച് വീണ് യുവാവ് മരിച്ചു. ആലക്കോട് കാർത്തികപുരം സ്വദേശി അബി.കെ. ബിനുവാണ് മരിച്ചത്.

&&&&&&&&&&&&&&&&&&

**മതപണ്ഡിതൻ അന്തരിച്ചു**

മതപണ്ഡിതനും സുന്നി പ്രസ്ഥാനത്തിൻ്റെ ഭാരാവാഹിയുമായ ശൈഖുന അഹമ്മദ് മാണിയൂർ അന്തരിച്ചു . 85 വയസ്സായിരുന്നു. കബറടക്കം ഇന്ന് വൈകുന്നേരം 3.45 ന് കണ്ണൂർ മാണിയുർ ചെറുവത്തലമൊട്ട ഖബർസ്ഥാനിൽ നടക്കും.

&&&&&&&&&&&&&&&&&&

**ഓഹരി + സ്വർണ്ണവില**

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 577 പോയിന്റ് ഇടിഞ്ഞ് 81,825 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 159 പോയിന്റ് നഷ്ടത്തിൽ 24,953 ലും വ്യാപാരം തുടരുന്നു.

RNU TVPM

സ്വർണ്ണവിലയിൽ നേരിയ കുറവ്. പവന് 40 രൂപ കുറഞ്ഞ് 73,840 രൂപയും ഗ്രാമിന് 9,230 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**ഓപ്പറേഷൻ സിന്ധു**

ഇറാൻ - ഇസ്രയേൽ സംഘർഷം കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാരെ തിരികെയെത്തിക്കാനുള്ള ദൗത്യം ഓപ്പറേഷൻ സിന്ധു തുടരുന്നു. ഇരുരാജ്യങ്ങളിൽ നിന്നും ഇതുവരെ 1800-ലധികം ഇന്ത്യക്കാരെ തിരികെയെത്തിച്ചു. അടുത്ത ദിവസങ്ങളിൽ ഇറാനിൽ നിന്ന് 3 വിമാനങ്ങൾ കൂടി എത്തുമെന്ന് വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റ

അറിയിച്ചു. ഇസ്രായേലിൽ നിന്ന് തിരികെ വരാൻ ആഗ്രഹിക്കുന്ന ശ്രീലങ്കൻ പൗരന്മാർക്കും ന്യൂഡൽഹിയിലേക്കുള്ള വിമാനങ്ങളിൽ ഇന്ത്യ സീറ്റുകൾ നൽകാമെന്ന് അറിയിച്ചതായി ഇസ്രായേലിലെ ശ്രീലങ്കൻ എംബസി വ്യക്തമാക്കി. ടെൽ അവീവിൽ നിന്ന് അമ്മാനിലേക്കും തുടർന്ന് ഡൽഹിയിലേക്കും സൗജന്യമായാണ് യാത്രാസൗകര്യം ഒരുക്കിയിട്ടുള്ളത്, എന്നാൽ ന്യൂഡൽഹിയിൽ നിന്ന് കൊളംബോയിലേക്കുള്ള യാത്രക്ക് ടിക്കറ്റ് എടുക്കേണ്ടതാണെന്നും എംബസ്സി അറിയിച്ചു.

&&&&&&&&&&&&&&&&&&

## പുരി

പശ്ചിമേഷ്യയിലെ ഭൗമരാഷ്ട്രീയ സ്ഥിതിഗതികൾ സർക്കാർ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി അറിയിച്ചു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യ വ്യാപാരം വൈവിധ്യവൽക്കരിച്ചതായും ഹോർമുസ് കടലിടുക്ക് വഴി വലിയ തോതിൽ ചരക്ക് കൈമാറ്റം ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&

## ഇറാൻ- ഇസ്രയേൽ

ഇറാൻ- ഇസ്രയേൽ സംഘർഷം അയവില്ലാതെ തുടരുന്നു. ഇസ്രയേലിന് തക്കതായ ശിക്ഷ നൽകുമെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയി

പറഞ്ഞു. ഇസ്രയേലിന് യുഎസ് പിന്തുണ നൽകിയതിന് ശേഷം ഖമനേയി നൽകുന്ന ആദ്യ പ്രതികരണമാണ് ഇത്. ഇസ്രയേൽ വലിയ തെറ്റാണ് വരുത്തിയതെന്നും അമേരിക്കയ്ക്കുള്ള പ്രത്യാക്രമണത്തിൻറെ സമയം, കൃത്യത എന്നിവ സൈന്യം പരിശോധിക്കുകയാണെന്നും ഇറാൻ അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ഗുട്ടെറസ്

ന്യൂയോർക്കിലെ ഐക്യരാഷ്ട്ര സഭാ ആസ്ഥാനത്ത് നടന്ന സുരക്ഷാ കൗൺസിലിന്റെ അടിയന്തര യോഗത്തിൽ സമാധാനത്തിന് ആഹ്വാനം ചെയ്ത് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ഇറാൻ ആണവ കേന്ദ്രങ്ങളിലെ അമേരിക്കൻ ആക്രമണങ്ങൾക്ക് പിന്നാലെ പ്രതിസന്ധി രൂക്ഷമാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സാധാരണക്കാരെ സംരക്ഷിക്കുകയും സുരക്ഷിതമായ സമുദ്ര ഗതാഗതം ഉറപ്പാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## ട്രംപ്

ഇറാനിൽ ഭരണമാറ്റത്തിനുള്ള സൂചന നൽകി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. രാജ്യത്തെ പുനർനിർമ്മിക്കാനുള്ള നിലവിലെ നേതൃത്വത്തിന്റെ ശേഷിയിൽ അദ്ദേഹം സംശയം പ്രകടിപ്പിച്ചു. നിലവിലെ

ഭരണകൂടത്തിന് ഇറാനെ വീണ്ടും മുന്നോട്ട് നയിക്കാൻ പ്രാപ്തിയില്ലെങ്കിൽ എന്തുകൊണ്ട് ഭരണമാറ്റം ആയിക്കൂടാ എന്ന് ട്രംപ് സാമൂഹ്യ മാധ്യമത്തിലൂടെ ആരാഞ്ഞു.

&&&&&&&&&&&&&&&&&&

**കണ്ണൂർ - ഗാന്ധിയാത്ര**

കണ്ണൂർ മലപ്പട്ടത്ത് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിക്കുന്ന ഗാന്ധിയാത്രയും ഗാന്ധി പ്രതിമ അനാഛാദനവും നാളെ നടക്കും. കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്, വർക്കിംഗ് പ്രസിഡൻ്റുമാരായ പി.സി. വിഷ്ണുനാഥ് എംഎൽഎ, എ.പി. അനിൽകുമാർ എം എൽ എ, ഷാഫി പറമ്പിൽ എം പി തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNUTVPM